**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2007** **01-09-2022 - ൽ മറുപടിയ്ക്ക്**

**നോർക്ക റൂട്ട്സിന്റെ സ്ഥലത്ത് നടന്ന് വരുന്ന നിർമാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ നോർക്ക റൂട്ട്സിന്റെ സ്ഥലത്ത് നടന്ന് വരുന്ന നിർമാണ പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ? | (എ) | ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ കണ്ണമംഗലം വില്ലേജിൽ കേരളത്തിന്റെ സംസ്കാരം, തനിമ, കലാമൂല്യങ്ങൾ മുതലായവയെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരളീയ പ്രവാസികാര്യ വകുപ്പിന്റെ അധീനതയിൽ പ്രവാസി മലയാളികളുടെ സാമ്പത്തിക സഹകരണത്തോടെ ഇന്ത്യാ ഇന്റർനാഷണൽ സെന്റർ മോഡലിൽ ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>ലോക കേരള കേന്ദ്രം സ്ഥാപിക്കുന്നതിനായി പ്രാരംഭപ്രവർത്തനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം 50 ലക്ഷം രൂപയും, നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മേൽ പറഞ്ഞ വസ്തുവിൽ അടിക്കാടുകളും പാഴ്മരങ്ങളും വെട്ടിമാറ്റി വൃത്തിയാക്കി ചുറ്റുമതിൽ കെട്ടി ഗേറ്റ് ഇടുന്നതിനായുള്ള പ്രാഥമിക നടപടികൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ